"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ് - കൊല്ലം കാത്തലിക് സ്കൂൾസ് കോർപ്പറേറ്റ് മാനേജരും കൊല്ലം വിമല ഹൃദയ ഗേൾസ് ഹൈസ്കൂളിലെ എച്ച്.എസ്.ടി.(മാത്സ്) ശ്രീമതി സീന സി.യും സമർപ്പിച്ച റിവിഷൻ ഹർജികൾ തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.7910/2024/GEDN തീയതി,തിരുവനന്തപുരം, 06-11-2024

പരാമർശം:-

1. കൊല്ലം കാത്തലിക് സ്കൂൾസ് കോർപ്പറേറ്റ് മാനേജരുടെ 11.07.2024-ലെ റിവിഷൻ ഹർജി
2. കൊല്ലം വിമല ഹൃദയ ഗേൾസ് ഹൈസ്കൂളിലെ എച്ച്.എസ്.ടി. (മാത്സ്) ശ്രീമതി സീന സി.യുടെ 05.08.2024-ലെ റിവിഷൻ ഹർജി
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 08.10.2024-ലെ ഇ.റ്റി1/20375/2024/ഡി.ജി.ഇ. നമ്പർ കത്ത്
4. കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 08.10.2024-ലെ DEOKLM/1977/2024-B3 നമ്പർ കത്ത്

ഉത്തരവ്

കൊല്ലം കാത്തലിക് സ്കൂൾസ് കോർപ്പറേറ്റ് മാനേജരും കൊല്ലം വിമല ഹൃദയ ഗേൾസ് ഹൈസ്കൂളിലെ എച്ച്.എസ്.ടി.(മാത്സ്) ശ്രീമതി സീന സി.യും യഥാക്രമം 11.07.2024, 05.08.2024 തീയതികളിലായി സമർപ്പിച്ച റിവിഷൻ ഹർജികളിന്മേൽ ടിയാളുകളെയും മറ്റു ബന്ധപ്പെട്ട കക്ഷികളെയും ഉൾപ്പെടുത്തി 09.10.2024 തീയതിയിൽ ഗ്രൂഗിൾ മീറ്റ് മുഖാന്തരം ഹിയറിങ് നടത്തുകയുണ്ടായി. ശ്രീമതി സീന സി.യുടെ എച്ച്.എസ്.ടി.(ഗണിതം) അധികതസ്തികയിലെ നിയമനം 05.08.2019 മുതൽ അംഗീകരിച്ചു നൽകണമെന്നതാണ് ഹർജികളിലെ ആവശ്യം.

2. ശ്രീമതി സീന സി.യെ 05.08.2019 മുതൽ നിയമിച്ചിട്ടുള്ളത് 2015-16 മുതൽ അനുവദിച്ചിട്ടുള്ള എച്ച്.എസ്.ടി. (ഗണിതം) അധികതസ്തികയിലാണെന്നും സീനിയർ

നിയമനാർത്ഥികളുടെ നിയമനങ്ങളെല്ലാം തന്നെ അംഗീകരിച്ചു കഴിഞ്ഞിട്ടുണ്ടെന്നും, ശ്രീമതി. സീനയ്ക്ക് തസ്തികയിൽ നിയമിക്കപ്പെടുന്നതിന് ആവശ്യമായ യോഗ്യതയുണ്ടെന്നും, ടിയാരിക്ക് നിയമനത്തീയതി മുതൽ വ്യവസ്ഥാപിത ഒഴിവ് ലഭ്യമാണെന്നും, ചട്ടപ്രകാരമുള്ള പ്രായപരിധിക്കുള്ളിലാണ് ടിയാരിയുടെ നിയമനമെന്നും, G.O. (Ms)No.4/2021/GEDN dated 06.02.2021, G.O.(Ms)No. 29/2023/GEDN എന്നിവ പ്രകാരം ടിയാരിയുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുവാനോ വാർഷിക ഇൻക്രിമെന്റുകൾ അനുവദിക്കുവാനോ പാടില്ല എന്ന വ്യവസ്ഥയിൽ ടിയാരിക്ക് 05.08.2019 മുതൽ നോഷണലായും 06.02.2021 മുതൽ സാമ്പത്തികാനുകൂല്യങ്ങളോടെയും ഭിന്നശേഷി ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിക്കുന്ന തീയതി വരെ പരിമിതപ്പെടുത്തി താൽക്കാലികമായി ശമ്പളസ്കെയിലിൽ അംഗീകരിക്കാവുന്നതാണെന്നും വിദ്യാഭ്യാസ ഓഫീസർമാർ റിപ്പോർട്ട് ചെയ്യുന്നു.

3. മേൽ സാഹചര്യത്തിൽ, കൊല്ലം വിമലഹൃദയ ഗേൾസ് ഹൈസ്കൂളിൽ ശ്രീമതി സീന സി.യുടെ എച്ച്.എസ്.ടി. (ഗണിതം) അധികതസ്തികയിലെ നിയമനം, ഭിന്നശേഷി സംവരണ വ്യവസ്ഥകൾക്ക് വിധേയമായും, സംരക്ഷിതാധ്യാപക നിയമനം സംബന്ധിച്ച് ബഹു. സുപ്രീം കോടതിയിൽ നിലനിൽക്കുന്ന കേസുകളുടെ അന്തിമവിധിന്യായത്തിന് വിധേയമായും, മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ, G.O. (Ms)No.4/2021/GEDN dated 06.02.2021, G.O. (Ms)No.29/2023/GEDN എന്നിവ പ്രകാരം ടിയാരിയുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുവാനോ വാർഷിക ഇൻക്രിമെന്റുകൾ അനുവദിക്കുവാനോ പാടില്ല എന്ന വ്യവസ്ഥയിൽ, നിയമനത്തീയതിയായ 05.08.2019 മുതൽ നോഷണലായും 06.02.2021 മുതൽ സാമ്പത്തികാനുകൂല്യങ്ങളോടെയും ഭിന്നശേഷി ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിക്കുന്ന തീയതി വരെ പരിമിതപ്പെടുത്തി താൽക്കാലികമായി ശമ്പളസ്കെയിലിൽ അംഗീകാരം നൽകുന്നതിന് കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി കൊല്ലം കാത്തലിക് സ്കൂൾസ് കോർപ്പറേറ്റ് മാനേജരും കൊല്ലം വിമല ഹൃദയ ഗേൾസ് ഹൈസ്കൂളിലെ എച്ച്.എസ്.ടി.(മാത്സ്) ശ്രീമതി സീന സി.യും സമർപ്പിച്ച റിവിഷൻ ഹർജികൾ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
REENA O
അണ്ടർ സെക്രട്ടറി

പൊതുവിദ്യഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, കൊല്ലം

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊല്ലം
അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
കോർപ്പറേറ്റ് മാനേജർ, കാത്തലിക് സ്കൂൾസ്, കൊല്ലം രൂപത, ബിഷപ്സ് ഹൗസ്, തങ്കശ്ശേരി, കൊല്ലം
ശ്രീമതി സീന സി., എച്ച്.എസ്.ടി.(മാത്സ്), വിമല ഹൃദയ ഗേൾസ് ഹൈസ്കൂൾ, കൊല്ലം
വിവര പൊതുജനസമ്പർക്ക (വെബ്സ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Shahnakumari S L
Date: 06-11-2024 16:26:00
സെക്ഷൻ ഓഫീസർ